# 'അനുതാപം'

## മത്തായി 21:29

"എനിക്ക് മനസ്സില്ല എന്ന് അവൻ ഉത്തരം പറഞ്ഞു. എങ്കിലും പിന്നത്തേതിൽ അനുതപിച്ച് അവൻ പോയി."

എല്ലാവർക്കും സുപരിചിതമായ ഒരു ഉപമയാണിത്. ഒരു കൃഷിക്കാരൻ കൃഷി സ്ഥലത്തു പോയി ജോലി ചെയ്യുവാൻ തന്റെ രണ്ടു മക്കളോടും പറഞ്ഞപ്പോൾ ഒരുവൻ തനിക്ക് പോകുവാൻ മനസ്സില്ല എന്നു പറയുകയും പിന്നീട് തെറ്റു മനസ്സിലാക്കി പിതാവിനെ അനുസരിച്ചു. എന്നാൽ രണ്ടാമത്തവൻ പോകാമെന്നു പറഞ്ഞെങ്കിലും പോയില്ല. ഇവിടെ ആദ്യത്തെ മകനെ യേശു അംഗീകരിക്കുന്നു.

ഇതു പോലെ സ്വന്തം തെറ്റുകൾ ബോധ്യമാകുമ്പോൾ അത് തിരുത്തുവാൻ തയ്യാറാവുന്നവരാണ് പിതാവിനെ യഥാർത്ഥമായി സ്നേഹിക്കുന്നവർ. ആത്മാർത്ഥതയില്ലാതെ നല്ല വാക്കു പറഞ്ഞു നല്ലവനായി അഭിനയിക്കുന്നത് ദൈവത്തിന്റെ മുമ്പിൽ വിലപ്പെട്ടതല്ല. ഹൃദയപരമാർത്ഥതയാണ് ദൈവം ആഗ്രഹിക്കുന്നത്. തെറ്റു ചെയ്തു പോയാൽ അനുതാപം മൂലം ദൈവീക ക്ഷമ പ്രാപിക്കണം.

നിനവേക്കാർ തെറ്റു ചെയ്തെങ്കിലും മാനസാന്തരപ്പെട്ടു ജീവിതത്തിനു മാറ്റം വരുത്തിയതിനാൽ നശിച്ചില്ല. യോനയും നിനവേയിൽ പോകാൻ വിസമ്മതിച്ചെങ്കിലും പിന്നീട് അവിടെ പോയി പ്രസംഗിച്ചതിനാൽ ജനവും പ്രവാചകനും രക്ഷപ്പെട്ടു. സ്വയം തിരുത്തൽ വരുത്തുന്ന ജീവിതങ്ങളെ ദൈവം അനുഗ്രഹിക്കും. അതു കൊണ്ട് നമുക്കും ദൈവ സന്നിധിയിൽ അനുതാപത്തോടെ കടന്നു ചെല്ലാം. അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

പരാമർശം :

1 യോഹന്നാൻ 1:9

"നാം നമ്മുടെ പാപങ്ങൾ ഏറ്റു പറയുന്നുവെങ്കിലോ അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിച്ച് എല്ലാ അനീതിയിൽ നിന്നും നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും അത്രേ."

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 019